# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# എ എം എൽ പി സ്കൂൾ

# മൂലാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

**സ്കൂളിന്റെ പേര്** : **എ എം എൽ പി സ്കൂൾ മൂലാട്**

**വിദ്യാഭ്യാസ ഉപജില്ല** : **പേരാമ്പ്ര**

**വിദ്യാഭ്യാസ ജില്ല** : **താമരശ്ശേരി**

**റവന്യൂ ജില്ല** : **കോഴിക്കോട്**

**ബി ആർ സി** : **ബാലുശ്ശേരി**

**ബ്ലോക്ക് പഞ്ചായത്ത്** : **ബാലുശ്ശേരി**

**പഞ്ചായത്ത്** : **കോട്ടൂർ**

**സി ആർ സി** : **തൃക്കുറ്റിശ്ശേരി ജി യു പി**

# ആമുഖം

സമൂഹം അക്ഷരവെളിച്ചം ആഗ്രഹിക്കുകയും എന്നാൽ അത് സാർവത്രികമായി ലഭിക്കാതിരിക്കുകയും ചെയ്ത കാലത്താണ് കോഴിക്കോട് ജില്ലയിലെ കോട്ടൂർ പഞ്ചായത്തിൽ മൂലാട് ദേശത്ത് മൂലാട് എ.എം.എൽ.പി സ്കൂൾ സ്ഥാപിതമായത്. മലമ്പ്രദേശം എന്ന് പൊതുവേ വിളിക്കപ്പെട്ടിരുന്ന മൂലാട് പ്രദേശം വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും വളരെ പിന്നോക്കമായിരുന്നു. മുസ്ലിം സമുദായം വിദ്യാഭ്യാസരംഗത്ത് വളരെ പിറകിലായിരുന്നു. പ്രത്യേകിച്ചും പെൺകുട്ടികൾ. ജാതിമതങ്ങളുടെ മറപിടിച്ച് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തീർത്ത അന്ധവിശ്വാസത്തിലേക്കാണ് അറിവിന്റെ വാതിൽ തുറക്കപ്പെട്ടത്. ഈ പ്രദേശത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ ഈ വിദ്യാലയം പ്രമുഖ സ്ഥാനം വഹിച്ചെന്ന് പിൽക്കാല ചരിത്രം സാക്ഷ്യപ്പെടുത്തുന്നു .

വിദ്യാഭ്യാസം എന്നത് ഒരു കച്ചവടമായി മാറ്റപ്പെട്ട വർത്തമാനകാലത്ത് സ്വാതന്ത്ര്യത്തിനും മുന്നേ നിസ്വാർത്ഥ സേവനത്തിന്റെ മേഖലയായി വിദ്യാഭ്യാസ പ്രവർത്തനത്തെ തിരിച്ചറിഞ്ഞ് പ്രയത്നിച്ചവരെ ഓർമ്മകളിൽ നിന്നും മായ്ച്ചു കളയാൻ പാടില്ല. മാനേജർ ശ്രീ ഇ. ഇമ്പിച്ച്യാലി മാസ്റ്റർ ഈ അക്ഷരനിറവിന്റെ ദീപ വാഹകനാണ് .

1945 ജൂലൈ മാസത്തിൽ 75 വിദ്യാർഥികളും മൂന്ന് അധ്യാപകരും ആയാണ് സ്കൂൾ പ്രവർത്തനം തുടങ്ങുന്നത്. താൽക്കാലിക ഷെഡ്ഡിലായിരുന്നു തുടക്കം. പിന്നീട് 1952 മാനേജർ സ്ഥലം വിലക്കെടുത്തു പ്രധാന കെട്ടിടം നിർമ്മിച്ചു. ശ്രീ കുഞ്ഞിരാമൻ മാസ്റ്റർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. തുടർന്ന് ശ്രീ ഇ. ഇമ്പിച്ച്യാലി മാസ്റ്റർ, കെ കെ ആമിന ടീച്ചർ, കെ കെ റുഖിയ ടീച്ചർ,
ജി രാധാമണി ടീച്ചർ, എൻ എസ് മറിയാമ്മ ടീച്ചർ, എൻ കെ കുഞ്ഞിമൊയ്തീൻ മാസ്റ്റർ, അസ്സൻ മാസ്റ്റർ, സാജിത ടീച്ചർ, സഫിയ ടീച്ചർ എന്നിവരും സേവനമനുഷ്ഠിച്ചു. മൺമറഞ്ഞ അധ്യാപകരായ ജി കേളു മാസ്റ്റർ, സി.വി അബ്ദുള്ള മാസ്റ്റർ, കുഞ്ഞിക്കണാരൻ മാസ്റ്റർ, ഇമ്പിച്ച്യാലി മാസ്റ്റർ, കെ കെ റുഖിയ ടീച്ചർ, കുഞ്ഞിരാമൻ മാസ്റ്റർ, എൻ കെ കുഞ്ഞിമൊയ്തീൻ മാസ്റ്റർ എന്നിവരുടെ സ്മരണയ്ക്ക് മുന്നിൽ പ്രണാമം.

കാർഷികവൃത്തി പ്രധാന തൊഴിലും വരുമാന മാർഗവുമായി കണ്ട് ജീവിച്ച ഒരു ദേശത്ത് അറിവിന്റെ കേദാരത്തിൽ വിത്തെറിഞ്ഞ് നൂറ് മേനി ചാരിതാർത്ഥ്യം ഉണ്ട്. ഇന്ന് സമൂഹത്തിലെ പല ഉന്നത സ്ഥാനങ്ങളും അലങ്കരിക്കുന്ന വ്യക്തികൾക്ക് അറിവിന്റെ അടിത്തറ പോകാൻ ഈ വിദ്യാലയം സാക്ഷ്യം വഹിച്ചു. ശക്തമായ പി.ടി.എ കമ്മിറ്റി ഈ വിദ്യാലയത്തിന്റെ ശക്തിയാണ്. മികച്ച പഠന നിലവാരമാണ് സ്കൂളിന്റെ കരുത്ത്. കലാകായിക മത്സരങ്ങളിലെ വിജയത്തിളക്കം മൂലാട് എ.എം.എൽ.പി സ്കൂളിന്റെ സാന്നിധ്യം വിളിച്ചോതുന്നു., തുടക്കം മുതൽ മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിച്ച ഈ വിദ്യാലയം 2004 ഒക്ടോബർ മുതൽ ജനറൽ കലണ്ടറിലേക്ക് മാറ്റി .

കലാകായിക മത്സരങ്ങളിൽ നിറഞ്ഞ വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിജ്ഞാനത്തിലൂടെ മുഴുവൻ കാലികാ അറിവുകൾ സ്വായത്തമാക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കുന്ന അർപ്പണബോധമുള്ള ഒരു കൂട്ടം അധ്യാപകർ സ്കൂളിന്റെ കൈമുതലാണ്. മിക്ക വർഷങ്ങളിലും എൽഎസ്എസ് കരസ്ഥമാക്കാൻ കഴിയുന്നു. അറബിക് സാഹിത്യോത്സവത്തിൽ സബ്ജില്ലാതലങ്ങളിൽ എപ്പോഴും ഒന്നാം സ്ഥാനം നേടാൻ നമുക്ക് കഴിയുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ നിറഞ്ഞ പിന്തുണ ലഭിച്ചുവരുന്നു. പൊതു പരിപാടികൾ ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുക്കുന്ന സമീപപ്രദേശത്തെ ജനങ്ങൾ വിദ്യാലയത്തിന്റെ സ്വകാര്യ അഹങ്കാരമാണ്. ആവശ്യങ്ങളറിഞ്ഞ് സഹകരിക്കുന്ന മാനേജ്മെന്റ്, ഇതെല്ലാം വിദ്യാലയത്തിന്റെ മാറ്റ് നൂറ് മികവുള്ളതാക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും

* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും

* പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക

* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരൻ ആക്കുക

* മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക

* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക

* ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളുകളിൽ നടപ്പിലാക്കുക

* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പാക്കുക പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുക

* ലഘു പഠനയാത്രകൾ പഠനസ്രോതസ്സുകൾ ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ പ്രോജക്കുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക

* ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക

* ആ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവസരം ഒരുക്കുക

* സ്കൂൾ ക്യാച്ച് മെൻറ് ഏരിയയിലെ മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുക

* എല്ലാ കുട്ടികൾക്കും ശാസ്ത്രത്തിൻറെ വഴിയിൽ കഴിവ് തെളിയിക്കും വിധം അത് ചിട്ടപ്പെടുത്തുക

* ഉഗ്രത സമീപനത്തിന്റെ പരമാവധി സാധ്യതകൾ ഉൾക്കൊള്ളുന്നതും പൂർണമായും ശിശു കേന്ദ്രീകൃതമാകുന്ന രീതിയിൽ പദ്ധതികൾ വിഭാവനം ചെയ്യുക

* ഭാഷയുടെ ലിഖിത രൂപങ്ങളെ പരമാവധി പരിചയപ്പെടുത്തുകയും അവ പുനരുല്പാദിപ്പിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക

* കലാകായിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക

* ഓരോ ക്ലാസിനും അനുയോജ്യമായ ക്ലാസ് ലൈബ്രറി ഒരുക്കുക

* ഗണിതവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കുക

* വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക

* ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കും.

ഭാഷ

ലക്ഷ്യം: മികച്ച വായനക്കാരനാവുക

*  ഉച്ചത്തിലുള്ള വായന
* ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ
* വായനോത്സവം നടത്തൽ
* വായനമത്സരം സംഘടിപ്പിക്കൽ
* റീഡേഴ്സ് തിയേറ്റർ

ലക്ഷ്യം: മികച്ച എഴുത്തുകാരനാക്കൽ

* സംയുക്ത ഡയറി
* സർഗ്ഗാത്മക ഡയറി
* രചനോത്സവം
* കഥ പൂർത്തിയാക്കാം
* കുട്ടിപത്രം
* ചുമർപത്രിക തയ്യാറാക്കൽ

ഇംഗ്ലീഷ്

ലക്ഷ്യം: ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസതോടെ എഴുതുവാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി നേടുക.

* ഇംഗ്ലീഷ് അസംബ്ലി
* ഇംഗ്ലീഷ് തിയേറ്റർ
* റീഡേഴ്സ് തിയേറ്റർ
* One item in a week
* Reading Cards
* English Word pyramid
* word chain
* Magazine

**കല , കായികം**

* സർഗ്ഗവേള
* ICT സാധ്യത ഉപയോഗിച്ച് പുതിയ കലകൾ പരിചയപ്പെടൽ
* കലകൾ (പതിപ്പ് നിർമ്മാണം)
* ശില്പശാലകൾ
* വൈവിധ്യമാർന്ന കായിക പരിശീലനം

**പരിസര പഠനം**

**ലക്ഷ്യം:**
* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
* പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക

**പ്രവർത്തനങ്ങൾ**
* ജൈവവൈവിധ്യ പാർക്ക്
* ലഘുപരീക്ഷണങ്ങൾ
* പരിസ്ഥിതിപ്പട്ടം
* പേപ്പർ ബാഗ് നിർമ്മാണ ശില്പശാല
* പ്രകൃതി നടത്തം
* ഇല മേള
* പരിസ്ഥിതി ദിനാചരണം

**ഗണിതം**
**ലക്ഷ്യം:**
ഗണിതം ലളിതമാക്കൽ
ഗണിത ചിന്താശേഷി വളർത്തൽ
* ഗണിതപ്പെട്ടി
* മഞ്ചാടി സഞ്ചി
* ഗണിത മേള
* പഠനോപകരണ നിർമ്മാണം
* ഗണിത കളികൾ
* പസ്സിൽ
* ഗണിത പതിപ്പ്, മാഗസ്സിൻ

**അക്കാദമിക പ്രവർത്തനങ്ങൾ**

***പ്രഭാതഭക്ഷണ പരിപാടി**

***ഉച്ചഭക്ഷണത്തിന്റെ പ്രാധാന്യം: പിടിഎ സഹായത്തോടെ ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തുക**

***ടോയ്ലറ്റ് വൃത്തിയായി സൂക്ഷിക്കുക**

***ഭക്ഷണവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക**

***ലഹരി വിമുക്ത ക്യാമ്പസ് ശില്പശാലകൾ**

***രക്ഷകർതൃ ബോധവൽക്കരണം**

***ദിനാചരണങ്ങൾ , സ്കൂൾ വാർഷികം**

***ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ**

***പഠനോപകരണ നിർമ്മാണ ശില്പശാല**

***പഠനയാത്രകൾ**

***കൈയെഴുത്ത് മാഗസിൻ**

## പ്രവർത്തന വിശദാംശങ്ങൾ

### ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല |
|---|---|---|---|---|
| ഗണിതം ലളിതമാക്കൽ | ഗണിത പെട്ടി | 3,4 | June-March | ക്ലാസ് ടീച്ചർ |
| | മഞ്ചാടി സഞ്ചി | 1,2 | June-March | ക്ലാസ് ടീച്ചർ |
| ഗണിത ചിന്താശേഷി വളർത്തൽ | സന്ധ്യാപിരമിഡ് | 2,3,4 | June-March | ക്ലാസ് ടീച്ചർ |
| | പഠനോപകരണ നിർമ്മാണം | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | ഗണിതകേളികൾ | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | ഗണിത പതിപ്പ് | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | ഗണിത മാഗസിൻ | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |

## പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ജൈവവൈവിധ്യ പാർക്ക് | **1,2,3,4** | **June-March** | ശാസ്ത്ര ക്ലബ്ബ് |
| ശാസ്ത്ര അഭിരുചി വളർത്തുക | ലഘുപരീക്ഷണങ്ങൾ | **1,2,3,4** | **June-March** | ക്ലാസ് ടീച്ചർ |
| | പരിസ്ഥിതി പട്ടം | **1,2,3,4** | **June 5** | ശാസ്ത്ര ക്ലബ്ബ് |
| | പേപ്പർ ബാഗ് നിർമ്മാണം | **4** | **July** | പിടിഎ |
| | പ്രകൃതി നടത്തം | **1,2,3,4** | **June-March** | ക്ലാസ് ടീച്ചർ |
| | ഇലമേള | **1,2,3,4** | **September** | ക്ലാസ് ടീച്ചർ |

**ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസ ത്തോടെ എഴുതാനും വായിക്കാനും സംസാരിക്കാനും പ്രാപ്തരാക്കുക | ഇംഗ്ലീഷ് അസംബ്ലി കാലയളവ് | 3,4 | June-March | ക്ലാസ് ടീച്ചർ |
| | One item in a week | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | Reading card | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | English Theatre | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | English Word Pyramid | 2,3,4 | June-March | ക്ലാസ് ടീച്ചർ |
| | Reading Theatre | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | Magazine | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |

**ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| മികച്ച വായനക്കാരൻ ആക്കുക | ഉച്ചത്തിലുള്ള വായന | **1,2,3,4** | **June-March** | ക്ലാസ് ടീച്ചർ |
| | ലാസ് ലൈബ്രറി വിപുലീകരിക്കൽ | **1,2,3,4** | **June-March** | ക്ലാസ് ടീച്ചർ |
| | വായനക്കുറിപ്പ് തയ്യാറാക്കൽ | **2,3,4** | **June-March** | ക്ലാസ് ടീച്ചർ |
| | വാനോത്സവം നടത്തൽ | **1,2,3,4** | **August-March** | ക്ലാസ് ടീച്ചർ |
| | വായനാമത്സരം സംഘടിപ്പിക്കൽ | **3,4** | **June** | വിദ്യാരംഗം കോഡിനേറ്റർ |
| | റീഡേഴ്സ് തിയേറ്റർ | **1,2,3,4** | **June-March** | ക്ലാസ് ടീച്ചർ |

**ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| മികച്ച എഴുത്തുകാരൻ ആക്കൽ | സംയുക്ത ഡയറി | 1,2 | July-may | ക്ലാസ് ടീച്ചർ |
| | സർഗാത്മക ഡയറി | 3,4 | June-May | ക്ലാസ് ടീച്ചർ |
| | രചനോത്സവം | 1,2 | August-March | ക്ലാസ് ടീച്ചർ |
| | ചിത്രകഥ | 1,2 | August-March | ക്ലാസ് ടീച്ചർ |
| | കഥ പൂർത്തിയാക്കാം | 1,2,3,4 | August-March | ക്ലാസ് ടീച്ചർ |
| | കുട്ടിപ്പത്രം | 1,2,3,4 | December-March | ക്ലാസ് ടീച്ചർ |
| | മാഗസിൻ | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |

**കലാകായികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യകരമായ ശാരീരിക മാനസിക വളർച്ച | സർഗ്ഗ വേള | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | ഐസിടി സാധ്യത ഉപയോഗിച്ച് കലകൾ പരിചയപ്പെടൽ | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | കലകൾ (പതിപ്പ് നിർമ്മാണം) | 3,4 | June-March | ക്ലാസ് ടീച്ചർ |
| | വൈവിധ്യമാർന്ന കായിക പരിശീലനം | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |
| | ശില്പശാലകൾ | 1,2,3,4 | June-March | ക്ലാസ് ടീച്ചർ |